ശ്രീ. എ. എസ്. എൻ. നമ്പീശൻ: മാർപ്പാപ്പായുടെ ചാക്രിക ലേഖനത്തിൽ കുടുംബാസൂത്രണത്തിനു പരിശുദ്ധമായ മാർഗ്ഗങ്ങളും സ്വീകരിക്കാമെന്നു പറഞ്ഞിട്ടുണ്ടെന്നു പറഞ്ഞു. പരിശുദ്ധമായ മാർഗ്ഗങ്ങളിൽ വാസക്ടമി, ബി.പി.സി. നിരോധ് തുടങ്ങിയ ഗവൺമെൻറ് നടപ്പിലാക്കുന്ന നടപടികളും ഉൾപ്പെടുമോ; അതെല്ലാം പരിശുദ്ധമല്ലാത്ത മാർഗ്ഗങ്ങളായി കരുതുന്നുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ചാക്രികലേഖനത്തെപ്പറ്റി.....

ശ്രീ. എം. എം. തോമസ്: സർ, പോയിൻറ് ഒഫ് ഓർഡർ.

മി. സ്പീക്കർ: ചോദ്യസമയത്ത് പോയിൻറ് ഒഫ് ഓർഡറില്ല.

ശ്രീ. കെ. എം. ജോർജ്: ചാക്രികലേഖനത്തെപ്പറ്റി ചുരുക്കിപ്പറഞ്ഞാൽ മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളതായ ആ ആശയവും ആ വാക്കുകളും തന്നെയാണ് ചാക്രികലേഖനത്തിൽ വന്നിട്ടുള്ളതെന്നു പറഞ്ഞാൽ ഇൻഡ്യാക്കാർക്കു മനസ്സിലാകുമെന്നു വിശ്വസിക്കുന്നു.

തൊഴിൽത്തർക്കങ്ങൾ

* 112. [396] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രധാന തൊഴിൽ തർക്കങ്ങളിൽ ഇടപെട്ടിട്ടുണ്ട്;

(ബി) അവയിൽ എത്രയെണ്ണം പരിഹരിച്ചു;

(സി) അവ ഏതെല്ലാം;

(ഡി) ശേഷിക്കുന്നവ ഏത്?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) 179 പ്രധാന തൊഴിൽത്തർക്കങ്ങളിൽ ഇടപെട്ടിട്ടുണ്ട്; 1–11–69 മുതൽ 15–1–70 വരെ.

(ബി) 150

(സി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ശേഷിക്കുന്ന തൊഴിൽത്തർക്കങ്ങളും ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുന്നു. പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. എ. പി. കുര്യൻ: ശേഷിക്കുന്ന തൊഴിൽത്തർക്കങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു തൊഴിൽത്തർക്കമായ കളമശ്ശേരി പ്രീമിയർ ടയേഴ്സിലെ തർക്കം പരിഹരിക്കാതെ നീണ്ടുപോകുന്നതിനുള്ള കാരണം എന്താണെന്നു വ്യക്തമാക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പ്രീമിയർ ടയേഴ്സിലെ തൊഴിൽത്തർക്കത്തെപ്പറ്റി നിരവധി കൂടിയാലോചനകളും നടക്കുകയുണ്ടായി. ഒത്തുതീർപ്പുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. വീണ്ടുമൊരു കൂടിയാലോചന ഗവൺമെൻറ് നിലവാരത്തിൽ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. താമസിയാതെ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുമെന്നാണ് ഗവൺമെൻറു കരുതുന്നത്.

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. കുര്യൻ: പരിഹരിച്ച തൊഴിൽത്തർക്കങ്ങളുടെ പട്ടികയിൽ അങ്കമാലി ട്രാൻസ്ഫോർമർ ഫാക്ടറിയിലെ തൊഴിൽത്തർക്കവും പരിഹരിച്ചതായി കാണുന്നു. ഈ തൊഴിൽത്തർക്കത്തിൽ കഴിഞ്ഞ നവമ്പർമാസം 17-ാം തീയതി തൊഴിൽകാര്യമന്ത്രി തന്നെ വിളിച്ചുകൂട്ടിയ കോൺഫറൻസിലെ നിർദ്ദേശം നടപ്പിലാക്കാൻ എത്ര ദിവസം എടുത്തു എന്ന വിവരം പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അന്നു പൊതുവായ ചില ധാരണകളുണ്ടായതല്ലാതെ വിശദാംശങ്ങളെക്കുറിച്ചൊന്നും തീരുമാനമുണ്ടായില്ല. അതു വർക്കൗട്ട് ചെയ്യാൻ യൂണിയന്റെ പ്രതിനിധിയും മാനേജുമെന്റു പ്രതിനിധിയും ലേബർ കമ്മിഷണറുടെ സാന്നിദ്ധ്യത്തിൽ വീണ്ടും കൂടണമെന്നു തീരുമാനിച്ചാണ് പിരിഞ്ഞത്. അതു വർക്കൗട്ട് ചെയ്യാനുള്ള പ്രായോഗികമായ തടസ്സങ്ങൾ കൊണ്ടാണ് നീണ്ടുപോയത്. മറ്റു കാരണങ്ങളൊന്നുമില്ല.

ശ്രീ. എ. പി. കുര്യൻ: ഗവൺമെന്റിനെ പ്രതിനിധീകരിച്ചുകൊണ്ട് ഈ തൊഴിൽത്തർക്കത്തിൽ മധ്യസ്ഥത വഹിച്ച ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി നിർദ്ദേശിച്ച വ്യവസ്ഥകൾ യൂണിയനും മാനേജുമെന്റും അംഗീകരിക്കുകയും വീണ്ടുംകൂടാമെന്നും നിശ്ചയിക്കുകയും ചെയ്തതിനുശേഷം അതു നടപ്പിലാക്കാതിരിക്കുന്നതിന് ഈ ഗവൺമെന്റിലെ ഒരുദ്യോഗസ്ഥനും ട്രാൻസ്ഫോർമർ ഫാക്ടറിയിലെ ഡയറക്ടർ ബോർഡ് ചെയർമാനുമായ ആ പ്രത്യേക വ്യക്തി തടസ്സമായിരുന്നു എന്ന ആരോപണം ഉന്നയിച്ചാൽ എന്താണു മറുപടി പറയാനുള്ളത്?

ശ്രീ. പി. രവീന്ദ്രൻ: ശ്രീ. എ. പി. കുര്യൻതന്നെ ഇങ്ങനെ തടസ്സം നേരിടുന്ന കാര്യം എന്നോടു ചൂണ്ടിക്കാണിച്ചു. അതേപ്പറ്റി അന്വേഷിച്ചു. അന്വേഷിച്ചപ്പോൾ എനിക്കു കിട്ടിയ വിവരം വിശദവിവരങ്ങൾ വർക്കൗട്ട് ചെയ്യുന്നതിനാണ് കാലതാമസമുണ്ടായതെന്നാണ്. മറേറ ആരോപണം ശരിയാണെന്ന് എനിക്കു തോന്നുന്നില്ല.

ശ്രീ. എ. പി. കുര്യൻ: ഈ ആക്ഷേപം ശരിയാണെന്ന് തെളിയിക്കാൻ തയ്യാറുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അതിനെ സംബന്ധിച്ച് അന്വേഷിക്കാനും നടപടി സ്വീകരിക്കാനും തയ്യാറാണോ?

ശ്രീ. പി. രവീന്ദ്രൻ: അത് ഫൈപ്പോതെറിക്കൽ ക്വസ്റ്റ്യനാണ് എന്റെ അന്വേഷണത്തിൽ അങ്ങനെയുള്ളതായി അറിവില്ല.

ശ്രീ. പി.കെ. കുഞ്ഞച്ചൻ: ഇന്ന് കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളും മുതലാളിമാരും തമ്മിൽ കൊയ്ത്തിന്റെ കാര്യത്തിലുള്ള തൊഴിൽത്തർക്കത്തിൽ ഇടപെടേണ്ടതില്ലെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ; എന്തുകൊണ്ട് ഇതേവരെ ഇടപെട്ടില്ല.

ശ്രീ. പി. രവീന്ദ്രൻ: ഇതിനായി ഐ. ആർ. സി. എല്ലാം കൂടുന്നു എന്നാണ് അറിഞ്ഞത്. ഉന്നതമായ തലത്തിൽ ഒരു കോൺഫറൻസ് വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എറണാകുളം വുഡ്ലാൻഡ്സ് ഹോട്ടലിലെ തൊഴിൽ തർക്കത്തെപ്പറ്റി ഒരു കോൺഫറൻസ് വിളിച്ചു കൂട്ടുകയുണ്ടായല്ലോ; ആ കോൺഫറൻസിൽ എന്തെങ്കിലും തീരുമാനമുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ ആ സമരം അവസാനിപ്പിക്കാൻ എന്തു നടപടിയെടുക്കുന്നു.

ശ്രീ. പി. രവീന്ദ്രൻ: ശ്രീ. ടി. കെ. രാമകൃഷ്ണൻ തന്നെ ഈ പ്രശ്നം നിയമസഭയിലുന്നയിച്ചതാണ്. കോൺഫറൻസ് വിളിച്ചുകൂട്ടി രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

ദിവസം പരമാവധി ശ്രമിച്ചുനോക്കിയിട്ടും ഒരു ഒത്തുതീർപ്പിലെത്തിക്കാൻ സാധിച്ചിട്ടില്ല. ഇനി എങ്ങനെ വേണമെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: തൊഴിൽ തർക്കങ്ങളിൽ പോലീസിനെഇടപെടുത്തരുതെന്നാണോ ഈ ഗവൺമെൻറിൻെറ നയമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: അതിനെപ്പറ്റി ഇതിന് മുൻപും ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടരുതെന്നാണ് ഗവൺമെൻറിൻെറ നയം.

ശ്രീ. ബി. മാധവൻ നായർ: മുൻഐക്യമുന്നണി ഗവൺമെൻറ് അധികാരത്തിലിരുന്നപ്പോഴും എല്ലാ തൊഴിൽ തർക്കങ്ങളും ബഹുമാനപ്പെട്ട മന്ത്രി നേരിട്ടു പോയി ഇടപെടുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. അന്ന് ലേബർ ഡിപ്പാർട്ടുമെൻറ് ഒരു കുത്തഴിഞ്ഞ പുസ്തകം പോലെയായിരുന്നു. അതു മാറ്റി ബഹുമാനപ്പെട്ട മന്ത്രി ലേബർ ഡിപ്പാർട്ടുമെൻറിനെ പുനഃസംഘടിപ്പിച്ച് സജീവമാക്കുകയും കഴിയുന്നത്ര പ്രശ്നങ്ങളും ലേബർ കമ്മീഷനെക്കൊണ്ട് കൈകാര്യം ചെയ്യിക്കുകയും ചെയ്യുമോ?

ശ്രീ. ടി. കെ. കൃഷ്ണൻ: കുത്തഴിഞ്ഞ പുസ്തകം പോലെ എന്ന് പറഞ്ഞത് ഇൻസിനുവേഷനാണ്.

ശ്രീ. കെ. കരുണാകരൻ: തീരുമാനം ചെയ്യപ്പെടാതെ കിടക്കുന്ന തൊഴിൽത്തർക്കങ്ങളും അനുരഞ്ജനസംഭാഷണത്തിൽക്കൂടി പരിഹരിക്കാൻ സാദ്ധ്യതയില്ലെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തു മാർഗ്ഗമാണ് ഗവൺമെൻറ് സ്വീകരിക്കുന്നത്?

ശ്രീ. പി. രവീന്ദ്രൻ: അവശേഷിക്കുന്ന പല കേസുകളിലും ഗവൺമെൻറ് ഇടപെടുകയാണ്. കൂടിയാലോചന നടന്നുകൊണ്ടിരിക്കുകയാണ്. താമസിയാതെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് കരുതുന്നത്.

ശ്രീ. ആർ. എസ്. ഉണ്ണി: തൊഴിൽ തർക്കങ്ങളിൽ കൺസിലിയേഷൻ നടപടി യഥാസമയം സ്വീകരിക്കുന്നതിനും തർക്കം പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ ലേബർ ഡിപ്പാർട്ടുമെൻറ് പുനഃസംഘടിപ്പിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ഗംഗാധരൻ: ഏതാനും തൊഴിൽ തർക്കങ്ങളും ഇനിയും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. തൊഴിൽതർക്കങ്ങളുണ്ടായാൽ ആ തർക്കം തീർക്കാൻ ഒരിക്കലും തൊഴിലുടമ കൺസിലിയേഷൻ ടേബിളിന് മുൻപിൽ വരികയില്ലെന്നുള്ളതു കൊണ്ട് തൊഴിൽതർക്കങ്ങളും തീരാതെ വന്നിട്ടുണ്ട്. അവരെക്കൊണ്ടു വരുന്നതിനും ഒത്തുതീർപ്പുണ്ടാക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർതന്നെ ഒരു തൊഴിൽതർക്കം എൻെറ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഉടൻതന്നെ ലേബർ കമ്മീഷണറെക്കൊണ്ട് കോൺഫറൻസ് വിളിക്കാൻ ഏർപ്പാടുചെയ്തു. തൊഴിലുടമ ഹാജരായില്ല. ഞാൻ തന്നെ ഇടപെട്ട് ഒത്തുതീർപ്പുണ്ടാക്കാൻ പരിശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. എ. ഹമീദ്: പ്രിമിയർ ടയേഴ്സിൽ തൊഴിൽതർക്കം ആരംഭിച്ചിട്ട് രണ്ടുമാസമായി. അത് പരിഹരിക്കാൻ ശ്രമങ്ങൾ നടക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിജയമുണ്ടാകാത്തത് മാനേജ്മെന്റ് സഹകരിക്കാത്തതുകൊണ്ടാണെന്ന് കേൾക്കുന്നത് ശരിയാണോ?

ശ്രീ. പി. രവീന്ദ്രൻ: മാനേജ്മെന്റ് സഹകരിക്കാത്തതുകൊണ്ടാണെന്ന് പറയുന്നത് ശരിയല്ല. ബോണസ്സിനെ സംബന്ധിച്ചാണ് തർക്കം. അതിന്റെ കാലങ്ങൾ എന്തായിരിക്കുമെന്നുള്ളതിൽ രണ്ടുകൂട്ടർക്കും തർക്കമുണ്ട്.

ശ്രീ. കെ. കെ. അബു: ട്രാൻസ്പോർട്ട് തൊഴിൽതർക്കം പരിഹരിക്കുന്നതിനുള്ള വല്ല ശ്രമവും ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടായോ; ഇല്ലെങ്കിൽ ഇനിയും എന്ത് ചെയ്യാനാണുദ്ദേശിക്കുന്നത്?

ശ്രീ. പി. രവീന്ദ്രൻ: ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെടണമെന്ന് തൊഴിലാളികളുടെ ഭാഗത്തുനിന്നോ കോർപ്പറേഷന്റെ ഭാഗത്തുനിന്നോ ഇതേ വരേയും ആവശ്യപ്പെട്ടിട്ടില്ല.

ശ്രീമതി. കെ. ആർ. ഗൗരി: പ്രിമിയർ ടയേഴ്സിൽ കേന്ദ്ര ഗവൺമെന്റിനേറെയും സംസ്ഥാന ഗവൺമെന്റിനേറെയും ഷെയർ കൂടുതലുള്ള സ്ഥിതിക്ക് ഗവൺമെന്റ് ഉദ്യോഗസ്ഥർ അവിടെയുള്ള സ്ഥിതിക്കും മാനേജ്മെന്റിനെ ഇതുപോലെതന്നെ തുടരാൻ ഈ ഗവൺമെന്റ് അംഗീകാരം കൊടുത്തിട്ടല്ലേ ആ തൊഴിൽതർക്കം തുടരുന്നത്?

ശ്രീ. പി. രവീന്ദ്രൻ: അതു ശരിയല്ല. സംസ്ഥാന ഗവൺമെന്റിനു അവിടെയുള്ള ഷെയറിൽ നാലിലൊന്നു മാത്രമേയുള്ളു. ഗവൺമെന്റിന്റെ പ്രതിനിധിയായി രണ്ടാളുകളും മാത്രമാണുള്ളത്. ഡയറക്ടർ ബോർഡിൽ ബോണസിന്റെ കാലങ്ങൾ എന്തായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചാണ് തർക്കമുള്ളത്. അതുകൊണ്ടാണ് ഒത്തുതീർപ്പിന് പ്രയാസമുള്ളത്.

ശ്രീമതി. കെ. ആർ. ഗൗരി: പ്രീമിയർ ടയേഴ്സിന്റെ കാര്യത്തിൽ ഇൻഷ്വറൻസ് കോർപ്പറേഷൻ അതിന്റെ മാനേജ്മെന്റ് രൂപീകരണത്തെ സംബന്ധിച്ച് ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാട് തെറ്റാണെന്ന് അറിയിച്ചിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അതിന് നോട്ടീസ് വേണം.

ശ്രീ. പി. കെ. രാഘവൻ: തൊഴിൽതർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള കൺസിലിയേഷൻ കാൺഫറൻസുകളിൽ തൊഴിലുടമകൾ വരാത്തതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ പലപ്പോഴും ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. തൊഴിലുടമകൾ സമ്മേളനത്തിൽ പങ്കെടുക്കാതിരിക്കുന്നതിനെതിരെ എന്തു നടപടിയാണ് ഫലപ്രദമായി എടുക്കാൻ കഴിയുന്നതെന്ന് പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: മുതലാളിമാർ സാധാരണ കൺസിലിയേഷൻ കോൺഫറൻസുകളിൽ പങ്കെടുക്കാതിരുന്നാൽ നിയമപരമായി അവരെ പ്രോസിക്യൂട്ടുചെയ്യാൻ നടപടിയുണ്ടെന്ന് തോന്നുന്നില്ല. പക്ഷെ തൊഴിലാളികളുടെ സംഘടിതമായ സമ്മർദ്ദം ചെലുത്തി ഇതരം കാര്യങ്ങളിൽ മുതലാളിമാരെ പങ്കെടുപ്പിക്കാൻ കഴിയും. അതല്ലാതെ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിന്റെ സ്വാധീനമുപയോഗിച്ചും ഇവരെ പങ്കെടുപ്പിക്കാറുണ്ട്. അങ്ങനെയാണ് പ്രശ്നങ്ങൾ പരിഹരിക്കുന്നത്.

ശ്രീ. കെ. കെ. അബു: മുൻകൂർ നോട്ടീസ് നൽകി ആരംഭിച്ചിരിക്കുന്ന ഇന്നത്തെ പണിമുടക്കിൽ അല്ലെങ്കിൽ തലയിൽ അടിച്ചേൽപ്പിക്കപ്പെട്ട ഈ

പണിമുടക്കിൽ ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെടണമെന്ന് തൊഴിലാളി സംഘടനകൾ പറയേണ്ടതുണ്ടോ, ഗവൺമെൻറിനേറയും മന്ത്രിയുടേയും ശ്രദ്ധയിൽപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ അതിൽ ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതല്ലേ?

ശ്രീ. പി. രവീന്ദ്രൻ: സാധാരണഗതിയിൽ ഒരു തൊഴിൽതർക്കമുണ്ടായാൽ യൂണിയൻ അല്ലെങ്കിൽ മാനേജുമെൻറ് ഡിപ്പാർട്ടുമെൻറിനെ രേഖാമൂലം അറിയിക്കുന്ന പതിവുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ട്രാൻസ്പോർട്ടിലെ തൊഴിലാളികൾ പണിമുടക്കുന്നതിന് മുൻപ് മാനേജുമെൻറും ഗവൺമെൻറും ഇതിനെ സംബന്ധിച്ച് ചർച്ച നടത്തിയില്ലേ, ഇതിനുവേണ്ടി ഒരു കാൺഫറൻസ് വിളിച്ചിരുന്നില്ലേ, ആ കോൺഫറൻസ് തുടരാത്തതെന്താണെന്ന് പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: എന്തുകൊണ്ടാണ് തൊഴിൽതർക്കമുണ്ടായതെന്നുള്ള വിവരവും ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെടണമെന്നുള്ള കാര്യവും രേഖാമൂലം അറിയിച്ചിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൊഴിലാളികളുടെ ഡിമാൻറങ്ങുന്ന പ്രമേയം ഗവൺമെൻറിന് അയച്ചുതന്നിട്ടും അത് ലേബർ ഡിപ്പാർട്ടുമെൻറ് അറിഞ്ഞിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. പി. രവീന്ദ്രൻ: ഔദ്യോഗികമായി അങ്ങനെ അറിയിച്ചതായി രേഖകളിൽ കാണുന്നില്ല.

മി. സ്പീക്കർ: 397-ാം നമ്പർ ചോദ്യത്തിന് 2-1-1970-ൽ ഉത്തരം പറഞ്ഞിട്ടുണ്ട്.

കരകൗശലശിൽപ്പികളുടെ സെമിനാർ

* 113 [398] ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കരകൗശല ശിൽപ്പികളുടെ ഒരു സെമിനാർ ഈ അടുത്തകാലത്ത് കനകക്കുന്നു കൊട്ടാരത്തിൽവച്ച് നടത്തുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ കരകൗശല വ്യവസായം വികസിപ്പിക്കുന്നതിലേക്ക് എന്തെങ്കിലും പുതിയ പരിപാടികൾ പ്രസ്തുത സെമിനാറിൽ ആവിഷ്ക്കരിച്ചിട്ടുണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) കരകൗശലവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും സഹകരണസംഘം പ്രതിനിധികളും ഈ വ്യവസായത്തിൽ താത്പര്യമുള്ള മറ്റ് ആളുകളും പങ്കെടുത്ത് ഒരു സെമിനാർ നടത്തുകയുണ്ടായി.

(ബി) കരകൗശല വ്യവസായത്തിൻെറ വളർച്ചക്ക് സഹായകമാകുന്ന പല തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. പി. പി. ജോർജ്: ഈ തീരുമാനത്തിൽ പ്രധാനപ്പെട്ടവ ഏതാണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അത് ഒരു നീണ്ട പട്ടികയാണ്. കരകൗശല വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ ഈ

LIBRARY ARCHIVES Kerala Legislative Assembly